

# എമ്മാവൂസ് വചനദൂത്

**പള്ളിക്കൂദാശക്കാലം** (ഒന്നാം ഞായർ)

പുറ. 40/17-29, ഏശയ്യാ 6/1-8,
2 കോറി. 13/1-13, മത്തായി 16/13-19

ബ്ര. ഡോൺ മാതിരപ്പള്ളിൽ

Vol. 9 Issue. 24

**ആ**രാധനാക്രമവത്സരത്തിലെ അവസാനത്തെ നാല് ആഴ്ച്ചകൾ ഉൾക്കൊള്ളുന്ന പള്ളിക്കൂദാശാ കാലത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. സമർപ്പണകാലം എന്നുകൂടി വിളിപ്പേരുള്ള ഈ കാലം ജറുസലേം ദേവാലയത്തിന്റെ പുനഃപ്രതിഷ്ഠ ആഘോഷിച്ചതുമായി ബന്ധപ്പെട്ട പാരമ്പര്യത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. പത്രോസിന്റെ വിശ്വാസമാകുന്ന പാറമേൽ സ്ഥാപിതമായ പുതിയ ഉടമ്പടിയുടെ കൂടാരവും മിശിഹായുടെ മണവാട്ടിയുമായ തിരുസഭയെ, മിശിഹാ യുഗാന്ത്യത്തിൽ സ്വീകരിക്കുന്നതാണ് പള്ളിക്കൂദാശാക്കാലത്തിലെ പ്രധാന ചിന്താവിഷയം. ഇതുമായി ബന്ധപ്പെട്ടു നിൽക്കുന്ന വായനകളാണ് വിചിന്തനത്തിനായി തിരുസഭാമാതാവ് തുടർന്നുള്ള നാല് ആഴ്ചകളിലേയ്ക്ക് നൽകുന്നത്. ഇന്ന് പള്ളിക്കൂദാശാക്കാലം ഒന്നാം ഞായർ. പത്രോസ് ഉദ്ഘോഷിച്ച് ഏറ്റുപറഞ്ഞ വിശ്വാസത്തിന്റെ ആഴങ്ങളിലേയ്ക്ക് ധ്യാനിക്കാൻ തിരുസഭ നമ്മെ ക്ഷണിക്കുന്നു.

പ്രധാനമായും രണ്ട് ചോദ്യങ്ങളാണ് ഇന്നത്തെ സുവിശേഷത്തിന്റെ കാതൽ. അത്ഭുതങ്ങളും രോഗശാന്തിയുമൊക്കെ കണ്ട് കൂടെക്കൂടിയ ജനം, താൻ ആരാണെന്നാണ് പറയുന്നത് എന്നായിരുന്നു ഈശോയുടെ ഒന്നാമത്തെ ചോദ്യം, ജനം പരാജയപ്പെട്ടപ്പോൾ ഞാൻ ആരാണെന്നാണ് നിങ്ങൾ ശിഷ്യർ പറയുന്നത് എന്ന രണ്ടാമത്തെ ചോദ്യം. ചോദ്യം കേട്ടയുടനെ സ്വതവെ എടുത്തുചാട്ടക്കാരനായ പത്രോസ് മറുപടി നൽകി – 'നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്.' മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിയത് എന്ന് പറയുന്ന ഈശോയെ കാണാനായിട്ട് സാധിക്കും. അതൊരു

ദൈവിക വെളിപാടായിരുന്നു. ദൈവികവെളിപാടിനെ ആവാഹിച്ച് ഏറ്റുപറഞ്ഞ പത്രോസെന്ന മനുഷ്യൻ വിശ്വാസമാകുന്ന പാറമേൽ തന്റെ സഭ സ്ഥാപിക്കുമെന്നും ഒരു നാരകീയശക്തികളും അതിനെതിരെ പ്രബലപ്പെടില്ലെന്നും, ആ സഭയിൽ കെട്ടപ്പെടുന്നതും അഴിക്കപ്പെടുന്നതും, സ്വർഗ്ഗത്തിലും കെട്ടപ്പെടുകയും അഴിക്കപ്പെടുകയും ചെയ്യുമെന്നുള്ള ഈശോയുടെ വാഗ്ദാനങ്ങളുടെ പെരുമഴ തന്നെ നടക്കുന്നു. തിരുസഭയുടെ അധികാരം, അത് ക്രിസ്തുവിൽ നിന്നാണ്. ക്രിസ്തുവിനാൽ സ്ഥാപിതമാണ്. തിരുസഭ അത് ദൈവത്തിന്റെ പ്രവൃത്തിയാണ്. ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ട ദൈവം വസിക്കുന്ന ഇടമാണെന്ന വലിയ യാഥാർത്ഥ്യം വ്യക്തമാക്കുന്നു.

പുറപ്പാടിന്റെ പുസ്തകം 40-ാം അധ്യാ യത്തിൽ മോശയെന്ന ഒരു മനുഷ്യൻ ദൈവിക വെളിപാടിനെ ആവാഹിച്ച് ദൈവത്തിനായി കൂടാരം പണിത് പ്രതിഷ്ഠിക്കുന്നതിനെപ്പറ്റി നാം വായിച്ചു കേട്ടു. കർത്താവ് കൽപിച്ചതു പോലെ മോശ അപ്പം വച്ചു, പരിമളദ്രവ്യം വച്ചു എന്നിങ്ങനെ ആറേഴു തവണ ആവർത്തിക്കുന്നുണ്ട്. അതിന്റെ സൂചന അത് ദൈവത്തിന്റെ പ്രവൃത്തിയാണെന്നു തന്നെ. പഴയനിയമത്തിൽ മോശയാൽ കൂടാരം പ്രതിഷ്ഠിക്കപ്പെട്ടു. ഇന്ന് പുതിയനിയമത്തിലെ മോശയായ ദൈവപുത്രനായ ക്രിസ്തുവഴി തിരുസഭ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെടുന്നു.

ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ ദൈവികപരിശുദ്ധി ദർശിച്ച പ്രവാചകൻ തന്റെ അയോഗ്യത എറ്റുപറഞ്ഞ് നിലവിളിക്കുന്നതിനെ പറ്റി നാം വായിച്ചു കേട്ടു. തീക്കനലുമായി സെറാഫിനെ അയച്ച് പ്രവാചകനെ വിശുദ്ധീകരിക്കുന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ്. അവിടുന്ന് അവനെ വിശുദ്ധീകരിച്ച് അയക്കാൻ ശക്തിപ്പെടുത്തുന്നു. പ്രവാചകൻ ‘ഇതാ ഞാൻ, എന്നെ അയച്ചാലും’ എന്നു പറഞ്ഞ് സന്നദ്ധനാകുന്നതും കാണാൻ സാധിക്കും. ഇന്ന് തിരുസഭയിൽ ദൈവജനം ആരാധനയ്ക്കായി അണയുമ്പോൾ ദൈവപരിശുദ്ധിക്കു മുമ്പിൽ തങ്ങളുടെ അയോഗ്യത ഏറ്റുപറഞ്ഞ് നിലവിളിക്കുന്ന സമയം നാവിലേക്ക് വിശുദ്ധ കുർബാനയായി ദൈവം തന്നെ കടന്നുവന്ന് നമ്മെ വിശുദ്ധീകരിക്കുന്നു-ശക്തിപ്പെടുത്തുന്നു-പരിപോഷിപ്പിക്കുന്നു. ഇതും ദൈവത്തിന്റെ പ്രവൃത്തിയാണ്. നാമും ഒരോ വിശുദ്ധ കുർബാനയ്ക്കു ശേഷവും അയക്കപ്പെടാൻ തയ്യാറായിക്കൊണ്ട് പറയണം ‘ഇതാ ഞാൻ, എന്നെ അയച്ചാലും.’

എന്തിനു വേണ്ടിയാണ് നാം അയയ്ക്കപ്പെടേണ്ടത് എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് വി. പൗലോസിന്റെ ലേഖനത്തിൽ നാം ശ്രവിച്ചത്. ദിവ്യകാരുണ്യസ്നേഹത്തിന്റെ പ്രേഷിതരായി സ്നേഹത്തിന്റെ പ്രവൃത്തികൾ ചെയ്യാൻ നാം അയയ്ക്കപ്പെടണം. ദൈവത്താൽ സ്ഥാപിതമായ സഭാംഗങ്ങളെന്ന നിലയിൽ നാം അഭിമാനിക്കുമ്പോഴും സ്നേഹമില്ലെങ്കിൽ മറ്റൊന്നുമില്ലെന്നും, സ്നേഹം ദീർഘക്ഷമയും ദയയുള്ളതും സർവ്വതിലും വിശ്വസിക്കുകയും അതിജീവിക്കുകയും സകലത്തെയും സഹിക്കുകയും ചെയ്യുന്നുവെന്നും നാം ഓർക്കണം. അസൂയയോ, ആത്മപ്രശംസയോ, അഹങ്കാരമോ, സ്വാർത്ഥതയോ, കോപമോ, വിദ്വേഷമോ ഉള്ളിടത്ത് സനേഹമില്ലെന്നും അത് സഭാംഗങ്ങൾക്ക് ചേർന്നതല്ലെന്നും നാം തിരിച്ചറിയണം.

സനേഹമുള്ളവരെ, ദൈവത്താൽ സ്ഥാപിതമായതും പരിപോഷിപ്പിക്കപ്പെടുന്നതുമായ തിരുസഭയിൽ അംഗമായതിൽ നമുക്ക് അഭിമാനിക്കാം. സഭയെന്നാൽ വിളിച്ചുകൂട്ടപ്പെട്ടവർ എന്നാണർത്ഥം. ഗ്രീക്കു പദമായ എക്ളേസ്യാ-യിൽ നിന്നാണ് സഭ എന്ന പദം രൂപം കൊണ്ടത്. കർത്താവിനാൽ വിളിച്ചു ചേർക്കപ്പെട്ടതിനെയോർത്ത് നമുക്ക് ദൈവത്തിന് നന്ദി പറയാം. സ്നേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെ സഭാംഗങ്ങളായി ജീവിക്കാം. മാനുഷികമായ ബലഹീനതകളെപ്രതി ഒരുപാട് വിമർശനങ്ങൾ സഭ ഇന്ന് നേരിട്ടു കൊണ്ടിരിക്കുകയാണ്. അവിടെ ദൈവശാസ്ത്രജ്ഞനായ കാൾ റാനറിന്റെ പോലെ നമുക്കും പറയാൻ സാധിക്കണം, ‘സഭ ചുളിവുകളും ചാലുകളുമുള്ള ഒരു വൃദ്ധയാണ്. എന്നാൽ എന്റെ അമ്മയുമാണ്. എന്റെ അമ്മയെ ഒരുത്തനും തല്ലുകയില്ല.’

അവസാനമായി ഇന്ന് സുവിശേഷത്തിൽ ഈശോ ഉന്നയിക്കുന്ന ചോദ്യത്തിന് ഉത്തരം നൽകാൻ നമുക്ക് ബാധ്യതയുണ്ട്. ക്രിസ്തു സ്ഥാപിച്ച സഭയിൽ ഇത്രനാൾ ജീവിച്ചിട്ടും നെഞ്ചുവിരിച്ച്, നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന് പറയാൻ സാധിക്കുന്നുണ്ടോ? രണ്ടാമത്തെ ചോദ്യം തിരുസഭയിലെ നിങ്ങളുടെ സ്നേഹപ്രവൃത്തകൾ കണ്ടിട്ട് നിനക്ക് ചുറ്റുമുള്ളവർ യേശു ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന് പറയാൻ തയ്യാറാകുമോ? ഇതനുസരിച്ച് വേണം ഈ സഭാപ്രതിഷ്ഠാക്കാലത്ത് ജീവിക്കാൻ എന്നാണ് ഈശോ ഓർമ്മിപ്പിക്കുന്നത്. ഇതിനുള്ള കൃപകൾക്കായി നമുക്ക് പ്രാർത്ഥിക്കാം.